# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 2877

12 / 12 / 2018-ൽ
മറുപടി നൽകേണ്ടത്

## ജലാശയ സംരക്ഷണം

**ചോദ്യം**

**ശ്രീ. പി. ടി. തോമസ്**

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി തോട്, പേരണ്ടൂർ കനാൽ, ചിലവന്നൂർ കായൽ എന്നിവ സംരക്ഷിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇവ സംരക്ഷിക്കുന്നതിനും ഇവിടെ മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിനും അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) & (ബി) എറണാകുളം ജില്ലയിലെ ഇടപ്പള്ളി തോട്, പേരണ്ടൂർ കനാൽ, ചിലവന്നൂർ കായലിന്റെ കൈവഴിയായ ചിലവന്നൂർ തോട് മുതലായ ജലാശയങ്ങളുടെ സംരക്ഷണത്തെ മുൻനിർത്തി ജില്ലയിലെ ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കുന്നതിനും ജലഗതാഗതത്തിന് യോഗ്യമാക്കുന്നതിനുമായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ടും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കിഫ്ബി വഴി ഫണ്ടിങ് നടത്തുവാനും സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ജനറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനും, പ്രാഥമിക സർവ്വെയ്ക്കുമായുള്ള ടെൻഡർ നടപടികൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മുഖേന തയ്യാറാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**